(ബി) 12 പുസ്തകങ്ങൾ.

(സി) പുനഃപ്രകാശനം നടത്തേണ്ട പുസ്തകങ്ങൾ നിശ്ചയിക്കുന്നത് സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പ് ഉപദേശക സമിതിയുടെ തീരുമാന പ്രകാരമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഇപ്പോൾ ആവശ്യമായ പ്രചാരണം നൽകുന്നുണ്ട്.

പരസ്യങ്ങൾ നിയന്ത്രിക്കാൻ നടപടി

51 (2499) ശ്രീ. ടി. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കാരിക രംഗത്ത് മൂല്യച്യുതി ഉണ്ടാക്കുന്ന പരസ്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദൃശ്യമാധ്യമങ്ങളിലൂടെ നടത്തുന്ന ഇത്തരം പരസ്യങ്ങളെ നിയന്ത്രിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പരസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുവാൻ സാംസ്കാരിക വകുപ്പിന്റെ കീഴിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പരസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുവാനും നിയന്ത്രിക്കുവാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സെൻസർ ബോർഡിന്റെ അംഗീകാരമില്ലാത്ത ചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമം അനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

കഥാപ്രസംഗ അക്കാഡമി രൂപീകരിക്കുവാൻ നടപടി

52 (2500) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കഥാപ്രസംഗകലയെ സംരക്ഷിക്കുന്നതിനായി ഒരു കഥാപ്രസംഗ അക്കാഡമി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly